

WEDNESDAY 12-10-2022 ബുധനാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development and Farmer’s Welfare Department**

**GOVERNMENT OF KERALA**

**Chief Editor : Suraj S.** **Editor : Dr. Saritha Vijayan K.**

**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186,2317314**

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-12/10/2022.

1. സംസ്ഥാനത്ത് കാർഷിക അനുബന്ധ പ്രവർത്തനങ്ങൾ കൊണ്ട് ഉപജീവനം നടത്തുന്ന എല്ലാ കർഷകരുടെയും ക്ഷേമവും ഉന്നമനവും ലക്ഷ്യമിട്ട് കർഷക ക്ഷേമനിധി പെൻഷൻ ഉൾപ്പെടെയുള്ള ക്ഷേമ ആനുകൂല്യങ്ങൾ നൽകുന്നതിനായി ഇപ്പോൾ അപേക്ഷിക്കാം. 5 സെന്റിൽ കുറയാതെയും 15 ഏക്കറിൽ കവിയാതെയും വിസ്തീർണ്ണമുള്ള ഭൂമി കൈവശം വെച്ചിരിക്കുകയും, മൂന്ന് വർഷത്തെ കുറയാത്ത കാലയളവിൽ കൃഷി- കൃഷി അനുബന്ധ പ്രവർത്തനങ്ങൾ പ്രധാന ഉപജീവനമാർഗം ആയിരിക്കുകയും വാർഷിക വരുമാനം 5 ലക്ഷത്തിൽ കവിയാത്തതായുള്ള 18-നും 65 വയസ്സിനും ഇടയിൽ പ്രായമുള്ള ഏതൊരാൾക്കും അപേക്ഷിക്കാം. *ഈ പദ്ധതിയുടെ പ്രതിമാസ അംശാദായം 100 രൂപയാണ്.* അംഗമായി രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷകൾ കർഷകർ ക്ഷേമനിധി ബോർഡിന്റെ https://kfwfb.kerala.gov.in/ എന്ന പോർട്ടൽ വഴിയാണ് നൽകേണ്ടത്. പദ്ധതിയുടെ ഗുണഭോക്താവ് ആകുന്നതിന് പദ്ധതിയിൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള രേഖകളും (കർഷകന്റെ സത്യപ്രസ്താവന, ഫോട്ടോ, കാർഷിക അനുബന്ധ പ്രവർത്തനവുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രം) വില്ലേജ് ഓഫീസറിൽ നിന്നും ലഭിക്കുന്ന അപേക്ഷകന്റെ വാർഷിക വരുമാന സർട്ടിഫിക്കറ്റ്, ബാങ്ക് പാസ്ബുക്ക്, ആധാർ കാർഡ്, വയസ് തെളിയിക്കുന്ന രേഖ, ഭൂമിയുടെ കരം അടച്ച രസീതോ/ഭൂമി സംബന്ധിച്ച രേഖകളോ, എന്നിവയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ അപ്‌ലോഡ് ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ ഫീ ആയി 100 രൂപ ഓൺലൈൻ ആയി അടയ്ക്കേണ്ടതാണ്.

2. ആഴ്ചയിലൊരിക്കൽ ടാപ്പിങ് രീതിയെക്കുറിച്ചറിയാൻ റബ്ബർബോർഡിന്റെ കോൾസെന്ററുമായി ബന്ധപ്പെടാം. ഇതു സംബന്ധമായ ചോദ്യങ്ങൾക്ക് ഇന്ന് ( ഒക്ടോബർ 12) രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒരു മണി വരെ റബ്ബർബോർഡിലെ ഫീൽഡ് ഓഫീസർ ഫോണിലൂടെ മറുപടി നൽകും. **0481 2576622** എന്നതാണ് കോൾസെന്റർ നമ്പർ.

3. കാർഷികമേഖലയിൽ ചെലവു കുറഞ്ഞ രീതിയിൽ യന്ത്രവൽക്കരണം പ്രോൽസാഹിപ്പിക്കുന്നതിന് വേണ്ടി സംസ്ഥാന സർക്കാർ കേന്ദ്ര സഹായത്തോടെ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് സബ്മിഷൻ

ഓൺ അഗ്രികൾച്ചറൽ മെക്കനൈസേഷൻ (SMAM). ഈ പദ്ധതിയിൻ കീഴിൽ കാർഷിക യന്ത്രങ്ങളും ഉപകരണങ്ങളും വിളവെടുപ്പാനന്തര, വിളസംസ്കരണ, മൂല്യവർദ്ധിത പ്രവർത്തനങ്ങൾക്കാവശ്യമായ ഉപകരണങ്ങളും യന്ത്രങ്ങളും സബ്സിഡിയോടെ നൽകി വരുന്നു. ഈ പദ്ധതിയിൽ അംഗമാകുന്നതിന് http://agrimachinery.nic.in/index എന്ന വെബ്സൈറ്റ് സന്ദർശിക്കാവുന്നതാണ്. 2022-2023 സാമ്പത്തിക വർഷത്തിലെ അപേക്ഷകൾ ഓൺലൈൻ ആയി ഈ പോർട്ടലിൽ **സെപ്റ്റംബർ 30** (30.09.2022) മുതൽ നൽകാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ജില്ലകളിലെ കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറുടെ കാര്യാലയവുമായോ, ആലപ്പുഴ, കോഴിക്കോട് എന്നിവിടങ്ങളിലെ കൃഷി എക്സിക്യൂട്ടീവ് എൻജിനീയറുടെ കാര്യാലയവുമായോ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറേറ്റിലെ **0471-2306748, 9497003097, 8943485023, 9895440373, 9567992358** എന്നീ ഫോൺ നമ്പറുകളിലോ ബന്ധപ്പെടാവുന്നതാണ്.

**പരിശീലന പരിപാടികൾ**

4. വെള്ളത്തിന്റെ നിയന്ത്രിത ഉപയോഗത്തിലൂടെ വിളവ് വർദ്ധിപ്പിക്കുന്നത് ലക്ഷ്യമാക്കി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സഹകരണത്തോടെ നടപ്പാക്കുന്ന പി എം കെ എസ് വൈ (PMKSY) പദ്ധതിയെക്കുറിച്ചുള്ള ഒരു ബോധവൽക്കരണ ക്യാമ്പയിൻ കാർഷിക എൻജിനീയറിങ് വിഭാഗത്തിന്റെ നേതൃത്വത്തിൽ തൃക്കൊടിത്താനം കൃഷിഭവനിൽ വച്ച് ഇന്ന് ഉച്ചയ്ക്ക് രണ്ടു മണിക്ക് നടത്തുന്നു. ജലസേചന മാർഗങ്ങൾക്കും പുറമേ ഇതുമായി ബന്ധപ്പെട്ട വിവിധ പദ്ധതികൾ കാർഷിക ഉപകരണങ്ങൾ, കാർഷിക യന്ത്രങ്ങൾ, ഇവയുടെ സബ്സിഡി പദ്ധതികൾ, അഗ്രികൾച്ചർ ഇൻഫ്രാസ്ട്രക്ചർ പദ്ധതിയിൽ വിവിധ സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള നിർദ്ദേശങ്ങൾ എന്നിവ ഇവിടെ ലഭ്യമാകുന്നതാണ്. കർഷകരുടെ വരുമാനം ഇരട്ടിയാക്കുന്നതിന് വേണ്ടി ആവിഷ്കരിച്ചിരിക്കുന്ന വിവിധ പദ്ധതികളെ പറ്റി അറിയുവാനും വിവിധ പദ്ധതികൾ അംഗമാകുന്നത്തിനും ഈ ക്ലാസ്സ് സഹായകരമാകും.

5. ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ആഭിമുഖ്യത്തിൽ നാളെ (ഒക്ടോബർ 12) രാവിലെ 11 മണിക്ക് **കന്നുകാലികളിലെ രക്ത പരാഗ രോഗങ്ങൾ** എന്ന വിഷയത്തിൽ എഫ്.ഐ.ബി കേരളയുടെ

ഫേയ്സ്ബുക്ക് പേജിലൂടെ തത്സമയപരിശീലനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് **9383470289** എന്ന നമ്പരിൽ ബന്ധപ്പെടുക.

6. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ **"പഴം-പച്ചക്കറി സംസ്ക്കരണം"** എന്ന വിഷയത്തിൽ ഇന്ന് (ഒക്ടോബർ 12) ഒരു ദിവസത്തെ പരിശീലന പരിപാടി നടത്തുന്നു. പരിശീലന ഫീസ് 300/-രൂപ. താൽപര്യമുള്ളവർ **9400483754** എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

7. ക്ഷീരവികസന വകുപ്പിന്റെ വലിയതുറയിൽ പ്രവർത്തിക്കുന്ന തീറ്റ പുൽകൃഷി വികസന പരിശീലന കേന്ദ്രത്തിൽ ക്ഷീര കർഷകർക്ക് വിവിധ വിഷയങ്ങളിൽ പരിശീലനം നൽകുന്നു. ഈ മാസം 15 വൈകുന്നേരം 5 മണി വരെ പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 30 പേരെ പരിശീലനത്തിൽ പങ്കെടുപ്പിക്കും. യുവസംരംഭകർക്ക് മുൻഗണന. കൂടുതൽ വിവരങ്ങൾക്ക് **0471 2501706, 9400831831** എന്നീ ഫോൺ നമ്പരുകളിൽ വിളിക്കുകയോ, വാട്സാപ്പ് സന്ദേശം അയക്കുകയോ ചെയ്യുക

8. കൊട്ടിയം മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ മുട്ടക്കോഴി, ഇറച്ചിക്കോഴി വളർത്തലിൽ ഏകദിന പരിശീലനം ഇന്ന് (ഒക്ടോബർ 12)സംഘടിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് **0474 2537300** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

9. പത്തനംതിട്ട ജില്ലയിലെ അടൂർ അമ്മകണ്ടകരയിൽ പ്രവർത്തിക്കുന്ന ഡയറി ആൻഡ് ഡെവലപ്മെന്റ് സെന്ററിൽ ക്ഷീര കർഷകർക്കായി **ശുദ്ധമായ പാലുൽപാദനം** എന്ന വിഷയത്തെ ആസ്പദമാക്കി ഈ മാസം 13, 14 തീയതികൾ രണ്ടുദിവസത്തെ പരിശീലനം സംഘടിപ്പിക്കുന്നു. താൽപര്യമുള്ളവർ **04734 266869, 9495390436** എന്നീ നമ്പറുകളിൽ വിളിച്ചോ, വാട്സ്ആപ്പ് ചെയ്തോ ട്രെയിനിംഗിൽ പങ്കെടുക്കുന്നതിനായി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ് പരിശീലനാർത്ഥികൾ രണ്ട് ഡോസ് വാക്സിൻ സ്വീകരിച്ചവർ ആയിരിക്കണം. ആദ്യം രജിസ്റ്റർ ചെയ്യുന്ന 40 പേർക്ക് ട്രെയിനിങ്ങിൽ പങ്കെടുക്കാവുന്നതാണ്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

10. മലമ്പുഴ മൃഗസംരക്ഷണ കേന്ദ്രത്തിൽ വച്ച് ഈ മാസം 14-ന് (ഒക്ടോബർ 14) രാവിലെ 10 മണി മുതൽ 4 മണി വരെ **പോത്ത് വളർത്തലിൽ** പരിശീലനം ഉണ്ടായിരിക്കുന്നതാണ്. പങ്കെടുക്കുന്നവർ ആധാർ കാർഡിന്റെ കോപ്പി കൊണ്ടുവരേണ്ടതാണ്. താൽപ്പര്യമുളളവർ **0491–2815454, 9188522713** എന്നീ ഫോൺ നമ്പരുകളിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

11. മൃഗസംരക്ഷണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ പൊതുജനങ്ങൾ, പെറ്റ് ഷോപ്പ് ഉടമകൾ, ഡോഗ് ബ്രീഡേഴ്സ് തുടങ്ങിയവർക്കായി ഈ മാസം 19-ന് (19 -10 -2022) രാവിലെ 10 മണി മുതൽ തമ്പാനൂർ എസ് എസ് കോവിൽ റോഡിലുള്ള ജില്ലാ മൃഗസംരക്ഷണ ഓഫീസ് ഹാളിൽ വച്ച് സെമിനാർ സംഘടിപ്പിക്കുന്നു. പ്രസ്തുത സെമിനാറിൽ മൃഗങ്ങളോടുള്ള ക്രൂരത തടയുന്നതിനുള്ള നിയമങ്ങൾ, പഞ്ചായത്ത് രാജ് ആക്ട് അനിമൽ ബർത്ത് കൺട്രോൾ നിയമങ്ങൾ, നാട്ടാന പരിപാലന നിയമങ്ങൾ, പെറ്റ് ഷോപ്പ് നിയമങ്ങൾ, മാർക്കറ്റ് നിയമങ്ങൾ എന്നിവയെ കുറിച്ച് വിദഗ്ധർ ക്ലാസുകൾ എടുക്കുന്നു. സെമിനാറിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ അടുത്തുള്ള മൃഗാശുപത്രികളിലോ, **0471 2302643, 9188510042** എന്നീ നമ്പരുകളിലോ വിളിച്ച് മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യേണ്ടതാണെന്ന് ചീഫ് വെറ്റിനറി ഓഫീസർ അറിയിച്ചു.

**കാർഷിക നിർദ്ദേശങ്ങൾ**

12. ആന്തൂറിയത്തിലും ഓർക്കിഡിലും ഒച്ചിന്റെ ഉപദ്രവം നിയന്ത്രിക്കുന്നതിനായി ചട്ടിയിൽ വേപ്പിൻ പിണ്ണാക്ക് ഇട്ട് കൊടുക്കുകയും വേപ്പെണ്ണ ഇമൾഷൻ തളിച്ച് കൊടുക്കുകയും ചെയ്യുക. ഒച്ചു പുറത്ത് വരുന്ന സമയങ്ങളിൽ പെറുക്കിയെടുത്ത് നശിപ്പിക്കുകയും വേണം. രാത്രികാലങ്ങളിൽ നനഞ്ഞ കാബേജ്, പപ്പായയുടെ ഇല എന്നിവ വിതറി ഒച്ചുകളെ ആകർഷിച്ച് വരുത്തി ശേഷം അതിരാവിലെ ഇവയെ ഉപ്പ് വിതറി നശിപ്പിക്കുക